# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 427

05.02.2014 -ൽ മറുപടി നൽകേണ്ടത്

## ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന നഗര-ഗ്രാമാസൂത്രണ നിയമങ്ങളായ ടൗൺ പ്ലാനിംഗ് ആക്ട് 1108 എം. ഇ, മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് 1920, ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 1120 എന്നിവയ്ക്കു പകരം ഒരു ഏകീകൃത നിയമമായ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് -2013, സെപ്റ്റംബർ 23, 2013-ന് ബഹുമാനപ്പെട്ട ഗവർണ്ണർ അംഗീകരിച്ച് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ ഗ്രാമ-നഗര പ്രദേശങ്ങളുടെ ആസൂത്രിത വികസനവും നിയന്ത്രണവുമാണ് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2013- ന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ശാസ്ത്രീയമായ സ്ഥലപര ആസൂത്രണത്തിലൂടെ വരുംതലമുറയുടെ ആവശ്യങ്ങളും കൂടി പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ, ശുചിത്വം, മറ്റു സൗകര്യങ്ങൾ എന്നിവ കൈവരിക്കാൻ ഈ ഓർഡിനൻസ് ലക്ഷ്യമിടുന്നു. 73, 74 -ാം ഭരണഘടനാ ഭേദഗതികളുടെ അന്തഃസത്ത |

ഉൾക്കൊണ്ട് തയ്യാറാക്കിയ ഈ ഓർഡിനൻസിൽ, സ്ഥലപര ആസൂത്രണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങൾക്കായി മാസ്റ്റർ പ്ലാനുകളും, വിശദനഗരാസൂത്രണ പദ്ധതികളും, ജില്ല/മെട്രോപൊളിറ്റൻ ഏരിയ/സംസ്ഥാനം എന്നിവയ്ക്കായി പെർസ്പെക്ടീവ് പ്ലാനുകളും തയ്യാറാക്കാൻ ഓർഡിനൻസ് അനുശാസിക്കുന്നു. ഓരോ പ്ലാനുകളുടേയും ഉള്ളടക്കം, അവയുടെ തയ്യാറാക്കൽ, അംഗീകാരം ഭേദഗതി, നടപ്പാക്കൽ എന്നിവയെപ്പറ്റി ഓർഡിനൻസിൽ വിശദമായി പ്രതിപാദിക്കുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിനായി നിയമ നിർമ്മാണം നടത്തുമോ ; വിശദമാക്കുമോ ; | (സി) & (ഡി) | ഈ ആവശ്യത്തിലേയ്ക്കായി 2013 -ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്, 2013 (Ordinance No.51 of 2013) 2013 സെപ്റ്റംബർ 23-ാം തീയതി മുതൽ പ്രാബല്യത്തോടു കൂടി ബഹു. ഗവർണ്ണർ 2013 സെപ്റ്റംബർ 23-ാം തീയതി വിളംബരപ്പെടുത്തി. പ്രസ്തുത ഓർഡിനൻസ് ഇപ്പോഴും നിലവിലുണ്ട്. |
| (ഡി) | ആയതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ